REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17-10-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ശബരിമല സ്വർണ്ണപ്പാളി കേസിൽ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയെ റാന്നി മജിസ്ട്രേറ്റ് കോടതി ഈ മാസം 30 വരെ പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു.**
- **തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ഉപാധികളോടെ ടോൾ പിരിക്കാമെന്ന് ഹൈക്കോടതി ഇടക്കാല ഉത്തരവ്.**
- **ഇന്ത്യയിലെ ആദ്യ ട്രാവൽ-ലിറ്ററി ഫെസ്റ്റിവൽ - 'യാന'ത്തിന് വൈകീട്ട് വർക്കലയിൽ തുടക്കമാകും.**
- **സംസ്ഥാന കയർ കോർപറേഷൻ ഈ വർഷം 176 കോടി രൂപയുടെ വിറ്റുവരവ് കൈവരിച്ചതായി മന്ത്രി P രാജീവ്.**
- **തുലാമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും.**

## വാർത്തകൾ വിശദമായി

ശബരിമല സ്വർണ്ണപ്പാളി കേസിൽ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയെ റാന്നി മജിസ്ട്രേറ്റ് കോടതി ഈ മാസം 30 വരെ പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. ശബരിമല സ്വർണപ്പാളി കേസിൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ അറസ്റ്റ് പുലർച്ചെയാണ് പ്രത്യേക അന്വേഷണസംഘം രേഖപ്പെടുത്തിയത്. മണിക്കൂറുകളോളം പോറ്റിയെ തിരുവനന്തപുരത്ത് പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്തശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

✪✪✪

ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ ഉത്തരവാദിത്വമേറ്റെടുത്ത് ദേവസ്വം മന്ത്രി രാജി വെക്കണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു. ദേവസ്വംബോർഡിനെ മാത്രം പഴിചാരി വിഷയത്തിൽ നിന്ന് ഒഴിവാകാൻ മന്ത്രിക്കോ സംസ്ഥാന ഗവണ്മെന്റിനോ കഴിയില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഉണ്ണിക്കൃഷ്ണൻ പോറ്റിയിൽ മാത്രം അഴിമതി വിഷയം ഒതുക്കി കുറ്റവാളികളെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ഉണ്ണികൃഷ്ണൻ പോറ്റിയുടെ അറസ്റ്റ് വൈകിപ്പിച്ചത് തെളിവ് നശിപ്പിക്കാനും തൊണ്ടിമുതൽ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റാനുമാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് തിരുവനന്തപുരത്ത് ആരോപിച്ചു. പ്രതികളെ രക്ഷിക്കാനാണ് പോലീസ് ശ്രമിക്കുന്നത്. ഒരാൾക്ക് മാത്രമായി ഗൂഢാലോചന നടത്താൻ സാധ്യമല്ലെന്നും, ദേവസ്വം ബോർഡിനും മോഷണത്തിൽ ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രതികളിൽ നിന്നും തെളിവ് ശേഖരിച്ച് നഷ്ടപ്പെട്ട സ്വർണ്ണം വീണ്ടെടുക്കണമെന്നും സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

✪✪✪

മുൻ ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രനും സ്വർണ്ണപ്പാളി മോഷണ കേസിലെ പ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റിയും തമ്മിൽ അടുപ്പമുണ്ടെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. കൊള്ളയിലെ ഗൂഢാലോചന അറിഞ്ഞിട്ടും ദേവസ്വവും ഗവൺമെന്റും അത് മൂടി വെക്കുകയായിരുന്നുവെന്നും, ഗവൺമെന്റിലേക്കെത്തുമെന്ന പേടി കൊണ്ടാണ് അന്വേഷണം വൈകിപ്പിച്ചതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ന്യൂഡൽഹിയിൽ ഇന്ന് ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച വികസിത് ഭാരത് ദർശനത്തിന് കീഴിലാണ് ഗോത്രകാര്യ മന്ത്രാലയം സമ്മേളനം സംഘടിപ്പിക്കുന്നത്.

✪✪✪

ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റൈനിൽ എത്തി. ബഹ്റൈൻ കേരളീയ സമാജം ഡയമണ്ട് ജൂബിലി ഹാളിൽ പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന

പരിപാടിയിൽ ബഹ്റൈനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, M.A യൂസഫ് അലി, ചീഫ് സെക്രട്ടറി എന്നിവർ വിശിഷ്ടാതിഥികളാകും.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി സർവെ ഭൂരേഖ വകുപ്പിന്റെ ഏകദിന സെമിനാർ രാവിലെ കളമശ്ശേരി കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഡിജിറ്റൽ ഹബിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളും ആരംഭിച്ചു.

✪✪✪

സംസ്ഥാനത്തിന്റെ ഭാവി ജലനയങ്ങൾക്ക് രൂപം നൽകാൻ വിഷൻ 2031 സെമിനാർ കട്ടപ്പനയിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. സുസ്ഥിര ജലവികസനവും, വിഭവ പരിപാലനവും ലക്ഷ്യമിട്ടാണ് പുതിയ നയം തയ്യാറാക്കുന്നത്. ആറു പ്രധാന വിഷയങ്ങളിൽ പാനൽ ചർച്ചയും ആരംഭിച്ചു. ഉച്ചകഴിഞ്ഞ് മന്ത്രി ദർശന രേഖ അവതരിപ്പിക്കും.

✪✪✪

പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പിന്റെ വിഷൻ 2031 സെമിനാർ രാവിലെ കാഞ്ഞങ്ങാട്ട് ആരംഭിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ഉപാധികളോടെ ടോൾ പിരിക്കാമെന്ന് ഹൈക്കോടതി ഇടക്കാല ഉത്തരവിട്ടു. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്നും, അടുത്തയിടെ പതുക്കിയ ടോൾ നിരക്ക് ഈടാക്കാൻ പാടില്ലെന്നും കോടതി നിർദ്ദേശിച്ചു.

✪✪✪

ഇന്ത്യയിലെ ആദ്യ ട്രാവൽ-ലിറ്ററി ഫെസ്റ്റിവലായ 'യാന'ത്തിന് ഇന്ന് വർക്കലയിൽ തുടക്കമാകും. കേരള ടൂറിസം സംഘടിപ്പിക്കുന്ന ത്രിദിന പരിപാടി വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. നടിയും ട്രാവൽ വ്ലോഗറുമായ അനുമോൾ ചടങ്ങിൽ മുഖ്യാതിഥിയാകും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്....

.......(വോയ്സ്).........

✪✪✪

കോഴിക്കോട് കോർപറേഷനെതിരെ അഴിമതിയും, സ്വജനപക്ഷപാതവും ആരോപിച്ച് BJP യുടെ അഞ്ച് ദിവസത്തെ പ്രതിഷേധമാർച്ച് ആരംഭിച്ചു. BJP സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്തു. തുടർദിവസങ്ങളിൽ ദേശീയ നിർവാഹക സമിതിയംഗങ്ങളായ V മുരളീധരൻ, PK കൃഷ്ണദാസ്, സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് തുടങ്ങിയവരാണ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

സംസ്ഥാന കയർ കോർപറേഷൻ ഈ വർഷം 176 കോടി രൂപയുടെ വിറ്റുവരവ് കൈവരിച്ചെന്ന് മന്ത്രി P രാജീവ് അറിയിച്ചു. സഞ്ചിതനഷ്ടം ഒഴിവാക്കി പൂർണ ലാഭത്തിലാകാനും കോർപറേഷന് കഴിഞ്ഞെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. വാൾമാർട്ടുമായി ധാരണയിലെത്തി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, ഫ്രാൻസ്, നെതർലൻഡ്സ്, അമേരിക്ക, ബ്രസീൽ, കാനഡ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി കയറ്റുമതി ആരംഭിക്കുന്നതിനും ഒരു വർഷത്തിനുള്ളിൽ കയർകോർപറേഷന് കഴിഞ്ഞെന്ന് മന്ത്രി അറിയിച്ചു. ഒഡീഷ ഉൾപ്പെടെ വിവിധയിടങ്ങളിൽ കയർഭൂവസ്ത്രം ലഭ്യമാക്കാൻ സാധിച്ചതും അഭിമാനകരമായ നേട്ടമാണെന്ന് P രാജീവ് പറഞ്ഞു.

✪✪✪

സപ്ലൈകോ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം നാളെ എറണാകുളം ബോൾഗാട്ടി പാലസിൽ നടത്തും. മന്ത്രി GR അനിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ മില്ലുടമകളുമായി വിവിധ വകുപ്പ് മന്ത്രിമാർ എറണാകുളം ബോൾഗാട്ടി പാലസിൽ ചർച്ച നടത്തും. മന്ത്രിമാരായ GR അനിൽ, KN ബാലഗോപാൽ, P.രാജീവ്, P.പ്രസാദ് തുടങ്ങിയവർ നാളെ വൈകിട്ടാണ് മില്ലുടമകളുമായി ചർച്ച നടത്തുക.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് കൊളംബോയിൽ ശ്രീലങ്ക, ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

ഒളിമ്പിക്സ് മാതൃകയിൽ നടത്തുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ കളരിപ്പയറ്റ് മത്സരയിനമായി ഉൾപ്പെടുത്തുമെന്ന് മന്ത്രി V ശിവൻകുട്ടി

അറിയിച്ചു. ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സരയിനമായി നിലനിർത്താൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് തീരുമാനമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

സൂപ്പർ കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് FC, തൃശ്ശൂർ മാജിക് FC യെ നേരിടും. വൈകീട്ട് 7.30 ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം - മഹാരാഷ്ട്ര മത്സരം പുരോഗമിക്കുന്നു. മൂന്നാം ദിവസം ഒന്നാം ഇന്നിങ്ങ്സ് ബാറ്റിംഗ് പുനരാരംഭിച്ച കേരളം ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 6 വിക്കറ്റ് നഷ്ടത്തിൽ 152 റൺസ് എടുത്തു.

സഞ്ജു സാംസൺ അർദ്ധ സെഞ്ച്വറി നേടി പുറത്തായി. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം പുരോഗമിക്കുന്നത്.

✪✪✪

പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽക്കൃഷിക്ക് ഒരുക്കങ്ങൾ ആരംഭിച്ചു. രണ്ടാം വിളയിൽ ജലസേചനത്തിന് ഡാമുകളെ ആശ്രയിക്കേണ്ടതിനാൽ ജല-വിള കലണ്ടർ തയ്യാറാക്കി അതിനനുസൃതമായി വിളയിറക്കണമെന്നാണ് കൃഷി വകുപ്പ് കർഷകരോട് ആവശ്യപ്പെട്ടിരിക്കുന്നത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

......(വോയ്സ്).....

✪✪✪

തുലാമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നാലിന് നട തുറക്കും. മേൽശാന്തി അരുൺ കുമാർ നമ്പൂതിരി നട തുറന്ന് ശ്രീകോവിലിൽ ദീപം തെളിക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ് തുലാം ഒന്നായ നാളെ രാവിലെ ഉഷഃപൂജയ്ക്കു ശേഷം സന്നിധാനത്ത് നടത്തും.

21-ന് ചിത്തിര ആട്ടതിരുനാൾ പൂജകളും ഉണ്ടായിരിക്കും. 22-ന് രാവിലെ 11.50-ന് രാഷ്ട്രപതി ദൗപതി മുർമു ദർശനത്തിനെത്തുന്നതിനാൽ തീർഥാടകർക്ക് ദർശന നിയന്ത്രണമുണ്ടായിരിക്കും. രാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഉന്നത പോലീസ് സംഘം ശബരിമലയിൽ സുരക്ഷാ പരിശോധന നടത്തി. പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക്

രാഷ്ട്രപതി പ്രത്യേക വാഹനത്തിലാണ് യാത്ര ചെയ്യുക. ഇതിന്റെ റിഹേഴ്സലും നടക്കും.

✪✪✪

സ്വർണ്ണവില ഇന്നും വർധിച്ചു. പവന് 2,840 രൂപ ഉയർന്ന് 97,360 ലെത്തി-12,170 രൂപയാണ് ഇന്ന് ഗ്രാമിന്റെ വില.

✪✪✪

തലശ്ശേരി അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമായി ഒരുക്കിയ MT വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്ന 'കാലം': മായാചിത്രങ്ങൾ' ഫോട്ടോ പ്രദർശനം വൈകിട്ട് എഴുത്തുകാരൻ Tപത്മനാഭൻ ഉദ്ഘാടനം ചെയ്യും. ലിബർട്ടി തിയേറ്റർ പരിസരത്താണ് പ്രദർശന പവലിയൻ.

✪✪✪

---

*News Editor & News Reader : വി കെ സുരേഷ്*
*NRTs : അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*